ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 27.11.2025**

## പ്രധാനവാർത്തകൾ

1. ആഗോള ബഹിരാകാശ സമ്പദ്‌വ്യവസ്ഥ രാജ്യത്തെ യുവാക്കൾക്ക് പുതിയ അവസരങ്ങൾ തുറന്നു നൽകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി

2. ഭിന്നശേഷിക്കാർക്കെതിരായ പരാമർശങ്ങൾക്കെതിരെ കർശനമായ നിയമം കൊണ്ടുവരണമെന്ന് കേന്ദ്രത്തിന് സുപ്രീം കോടതി നിർദ്ദേശം

3. സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമാക്കി രാഷ്ട്രീയ പാർട്ടികൾ

4. കാഴ്ച പരിമിതിയുള്ളവർക്കായി ബാലറ്റ് യൂണിറ്റിൽ ബ്രെയിലി ലിപി ആലേഖനം ചെയ്തിട്ടുണ്ടെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, ഭിന്നശേഷിക്കാർക്കായി പ്രത്യേകം സൗകര്യങ്ങൾ ഏർപ്പെടുത്താനും തീരുമാനം.

5. ഇന്ത്യ അന്താരാഷ്ട്ര ചലച്ചിത്രമേളയ്ക്ക് നാളെ ഗോവയിൽ തിരശ്ശീല വീഴും.

6. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ മറ്റന്നാൾ വരെ ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്, കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഞായറാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്.

*********************

RNU TVPM

## രാഷ്ട്രപതി-ഒഡിഷ

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഒഡീഷ നിയമസഭയെ അഭിസംബോധന ചെയ്യു. ഒഡീഷ നിയമസഭയുടെ ശൈത്യകാല സമ്മേളനത്തിന്റെ ഭാഗമായാണ് അഭിസംബോധന. 2000, 2004 വർഷങ്ങളിൽ ഒഡിഷയിലെ റായ് രംഗ്പൂരിൽ നിന്നുള്ള നിയമസഭാംഗമായിരുന്നു ശ്രീമതി മുർമു.

*********************

## പ്രധാനമന്ത്രി-സ്കൈറൂട്ട്

ഇന്ത്യയുടെ ബഹിരാകാശ മേഖല ആഗോള നിക്ഷേപകരെ ആകർഷിക്കുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. വീഡിയോ കോൺഫറൻസിലൂടെ സ്കൈറൂട്ടിന്റെ ഇൻഫിനിറ്റി കാമ്പസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നൂതനാശയം, യുവശക്തി, സംരംഭകത്വം എന്നിവയിലൂടെ രാജ്യം പുതിയ ഉയരങ്ങളിലെത്തുകയാണെന്ന് ശ്രീ മോദി അഭിപ്രായപ്പെട്ടു.

*********************

RNU TVPM

## ഭിന്നശേഷി-സുപ്രീംകോടതി

ഭിന്നശേഷിക്കാർക്ക് നേരെയുണ്ടാകുന്ന അധിക്ഷേപകരമായ പരാമർശങ്ങളിൽ ശക്തമായ നടപടി സ്വീകരിക്കണമെന്ന് കേന്ദ്രസർക്കാരിന് നിർദ്ദേശം നൽകി സുപ്രീംകോടതി. അധിക്ഷേപങ്ങൾ ശിക്ഷാർഹമായ കുറ്റകൃത്യങ്ങളാക്കുന്ന വിധത്തിൽ നിയമനിർമാണം നടത്തണമെന്നും കോടതി നിർദ്ദേശിച്ചു. ഓൺലൈൻ പ്ലാറ്റ്ഫോമുകളിലെ അശ്ലീലവും, നിയമവിരുദ്ധവുമായ ഉള്ളടക്കങ്ങൾ നിയന്ത്രിക്കാൻ സ്വതന്ത്രമായ സ്വയംഭരണ സംവിധാനം രൂപീകരിക്കണമെന്നും ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ ബഞ്ച് വ്യക്തമാക്കി. ഇത് സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ തയ്യാറാക്കി വരികയാണ് കേന്ദ്ര സർക്കാർ കോടതിയെ അറിയിച്ചു.

*********************

## മുഖ്യമന്ത്രി -എം പി യോഗം

വന്യജീവി സംരക്ഷണ ഭേദഗതി ബില്ലിന് അനുമതി ലഭ്യമാക്കാനുള്ള ഇടപെടൽ നടത്തണമെന്ന് എം.പിമാരുടെ യോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ. പാർലമെൻറിൻറെ ശീതകാല സമ്മേളനത്തിന് മുന്നോടിയായാണ് യോഗം ചേർന്നത്. കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി, റേഷൻ വിതരണം, പി എം ആവാസ് യോജന, തലശ്ശേരി - മൈസൂർ റെയിൽ പദ്ധതി, അങ്കമാലി - ശബരി റെയിൽപാത തുടങ്ങിയ

വിഷയങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കേന്ദ്രത്തിനുമേൽ സമ്മർദ്ദം ചെലുത്തേണ്ടതുണ്ടെന്നും മുഖ്യമന്ത്രി നിർദ്ദേശിച്ചു.

*********************

## തിരഞ്ഞെടുപ്പ്-പ്രചാരണം

സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപന തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമായി തുടരുന്നു. മൂന്ന് മുന്നണികളുടെയും സ്ഥാനാർത്ഥികൾ വോട്ടർമാരെ നേരിൽ കണ്ടുള്ള പ്രചാരണത്തിലാണ്. സ്ഥാനാർത്ഥികൾക്കായി മുതിർന്ന നേതാക്കളും പ്രചാരണ രംഗത്ത് സജീവമാണ്. അതേസമയം, വാർഡ് കൺവൻഷനുകൾക്കു പിന്നാലെ ബൂത്തുതല യോഗങ്ങളിലേക്കും കുടുംബ സംഗമങ്ങളിലേക്കും കടക്കുകയാണ് രാഷ്ട്രീയ പാർട്ടികൾ. വോട്ടെടുപ്പിനായി മുപ്പത്തിമൂവായിരത്തി എഴുന്നൂറ്റി പതിനൊന്ന് പോളിംഗ് സ്റ്റേഷനുകളാണ് സംസ്ഥാനത്ത് സജ്ജമാക്കുന്നത്. ഡിസംബർ 9, 11 തീയതികളിലാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 13 നു നടക്കും.

*********************

## ബാലറ്റ് യൂണിറ്റിൽ ബ്രെയിലി ലിപി

കാഴ്ച പരിമിതിയുള്ള വോട്ടർമാർക്ക് തദ്ദേശ തിരഞ്ഞെടുപ്പിൽ സ്വയം വോട്ട് രേഖപ്പെടുത്താൻ കഴിയുന്ന വിധത്തിൽ ബാലറ്റ് യൂണിറ്റിന്റെ വലതു വശത്ത് ബ്രെയിലി ലിപി ആലേഖനം ചെയ്തിട്ടുണ്ടെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ.

കാഴ്ച പരിമിതിയുള്ളവരും, ശാരീരിക അവശതയുള്ളവരും, പ്രായമായവരുമായ, വോട്ടർമാർക്ക് ക്യൂ ഇല്ലാതെ തന്നെ പോളിംഗ് സ്റ്റേഷനിൽ പ്രവേശിച്ച് വോട്ടുരേഖപ്പെടുത്തുന്നതിന് പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്താൻ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. ഭിന്നശേഷിയുള്ള വോട്ടർമാരുടെ സൗകര്യാർത്ഥം എല്ലാ പോളിംഗ് സ്റ്റേഷനുകളിലും റാമ്പ് സൗകര്യം, കുടിവെള്ളം, ഇരിപ്പിടങ്ങൾ എന്നിവ ഒരുക്കണം.

അതേസമയം, അന്ധതയോ മറ്റ് ശാരീരിക അവശതയോ ഉള്ളവർക്ക് വോട്ട് രേഖപ്പെടുത്താൻ 18 വയസ്സിനു മുകളിലുള്ള ഒരാളുടെ സഹായം ഉപയോഗപ്പെടുത്തുന്നതിന് അനുമതി നൽകും. സമ്മതിദായകന് പരസഹായം കൂടാതെ ബാലറ്റിംഗ് യൂണിറ്റിലെ ചിഹ്നം തിരിച്ചറിയുന്നതിനോ, ബട്ടൺ അമർത്തി വോട്ടു രേഖപ്പെടുത്തുന്നതിനോ കഴിയുന്നില്ലെന്ന് പ്രിസൈഡിങ് ഓഫീസർക്ക് ബോധ്യപ്പെട്ടാൽ മാത്രമേ ഇതനുവദിക്കൂ.

*********************

RNU TVPM

## ഉദ്യോഗസ്ഥർക്ക് പരിശീലനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ ഹരിതചട്ടങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ കോഴിക്കോട് ജില്ലയിൽ ഉദ്യോഗസ്ഥർക്കായി പരിശീലന പരിപാടി സംഘടിപ്പിച്ചു. ഫീൽഡ് പരിശോധനയിൽ നിരോധിത ഉൽപന്നങ്ങൾ തിരിച്ചറിയുന്നതിനാണ് പരിശീലനം.

*********************

## മെഡിക്കൽ കോളേജ്- 75 -ാ൦ വാർഷികം (ഇൻട്രോ)

സംസ്ഥാനത്തെ ആദ്യത്തെ മെഡിക്കൽ കോളേജായ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് നവംബർ 27ന് എഴുപത്തിയഞ്ചാം വർഷത്തിലേക്ക് കടന്നു. 1951-ൽ സ്ഥാപിതമായ ഈ സ്ഥാപനം സംസ്ഥാനത്തിന്റെ ആരോഗ്യരംഗത്തെ വളർച്ചയിലും കേരളത്തിന്റെ പൊതുജനാരോഗ്യ സംവിധാനത്തിനും നിർണായക സംഭാവനകളാണ് നൽകിയിട്ടുള്ളത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.**

**(വോയ്സ്)**

*********************

## രാഷ്ട്രപതി-നാവിക ദിനം

രാഷ്ട്രപതി ദ്രൗപതി മുർമു ഡിസംബർ മൂന്നിന് തിരുവനന്തപുരത്തെത്തും. നാവിക ദിനത്തോട് അനുബന്ധിച്ച് അന്നേ ദിവസം ശംഖുമുഖം ബീച്ചിൽ നടക്കുന്ന നാവികസേനാ ശക്തി പ്രകടനത്തിൽ രാഷ്ട്രപതി മുഖ്യാതിഥിയാകും. തുടർന്ന് രാജ്ഭവനിൽ എത്തുന്ന രാഷ്ട്രപതി ഡിസംബർ നാലിനു രാവിലെ ഡെൽഹിക്കു മടങ്ങും. അതേസമയം നാവികസേനാ ദിന ആഘോഷങ്ങൾക്ക് മുന്നോടിയായി ഈ മാസം 29 നും ഡിസംബർ ഒന്നിനും ഉച്ചകഴിഞ്ഞ് ശംഖുമുഖം ബീച്ചിൽ ഫുൾ ഡ്രസ് റിഹേഴ്സൽ നടക്കും.

*********************

## രാഹുൽ മാങ്കൂട്ടം

രാഹുൽ മാങ്കൂട്ടത്തിൽ എം എൽ എ യ്ക്കെതിരെ ലൈംഗിക പീഡനത്തിന് യുവതി മുഖ്യമന്ത്രിയ്ക്ക് പരാതി നൽകി.

സെക്രട്ടേറിയറ്റിലെ മുഖ്യമന്ത്രിയുടെ ഓഫീസിൽ എത്തിയാണ് യുവതി പരാതി നൽകിയത്.

RIJU TVPM

ഫോട്ടോകൾ, ഫോൺ സംഭാഷണങ്ങൾ ഉൾപ്പെടെയുള്ള ഡിജിറ്റൽ തെളിവുകൾ സഹിതമാണ് പരാതി നൽകിയതെന്നാണ് സൂചന.

*********************

## ഐഎഫ്എഫ്ഐ

ഇന്ത്യ അന്താരാഷ്ട്ര ചലച്ചിത്രമേളയ്ക്ക് നാളെ തിരശ്ശീല വീഴും. ഗോവയിലെ ഡോ. ശ്യാമപ്രസാദ് മുഖർജി
ഇൻഡോർ സ്റ്റേഡിയത്തിൽ വൈകുന്നേരം അഞ്ചിന് സമാപന സമ്മേളനം ആരംഭിക്കും. 80 രാജ്യങ്ങളിൽ നിന്നായി 240 ചലച്ചിത്രങ്ങളാണ് പ്രദർശനത്തിനുണ്ടായിരുന്നത്. പതിനഞ്ച് ചിത്രങ്ങളാണ് മത്സരവിഭാഗത്തലുള്ളത്. മികച്ച ചിത്രത്തിന് സുവർണ മയൂരവും 40 ലക്ഷം രൂപയുമാണ് പുരസ്കാരം.

*********************

## കുട്ടനാട് നെല്ല് (ഇൻട്രോ)

കുട്ടനാട്ടിൽ നെല്ല് സംഭരണത്തിൽ വീണ്ടു പ്രതി സന്ധി.
നെല്ല് സംഭരിക്കേണ്ട മില്ല് ഉടമകളും കർഷകനും തമ്മിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം ഇപ്പോഴും അകലെയാണ്.
**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ. രവികുമാർ.**

(വോയ്സ്)

*********************

RNU TVPM

## ശബരിമല

ശബരിമലയിൽ മണ്ഡലകാലത്തിനായി നടതുറന്നതുമുതൽ ഇന്നു വൈകിട്ട് അഞ്ചുവരെ ദർശനം നടത്തിയ തീർഥാടകരുടെ എണ്ണം പത്തുലക്ഷം കവിഞ്ഞു. ഇന്നു രാവിലെ നടതുറന്നതു മുതൽ വൈകിട്ടു നാലുവരെയുള്ള കണക്കുപ്രകാരം എഴുപത്തി രണ്ടായിരത്തി അറുനൂറ്റി നാൽപത്തി ഒന്ന് പേർ ദർശനം നടത്തി.

*********************

## ചുഴലിക്കാറ്റ്

തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിനും ശ്രീലങ്കൻ തീരത്തിനും മുകളിലായി സ്ഥിതി ചെയ്തിരുന്ന അതിതീവ്ര ന്യൂനമർദ്ദം ചുഴലിക്കാറ്റായി ശക്തിപ്രാപിച്ചു. ഇതിന്റെ സ്വാധീനത്താൽ സംസ്ഥാനത്ത് വരും ദിവസങ്ങളിൽ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് . മറ്റെന്നാൾ വരെ

ഒറ്റപ്പെട്ട ശക്തമായ മഴക്ക് സാധ്യതയുണ്ട് .
ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ. കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മുതൽ ഞായറാഴ്ച വരെ മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്നും മുന്നറിയിപ്പുണ്ട്.

********************

## കള്ളക്കടൽ

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി നാളെ രാത്രി 11.30 വരെ തിരുവനന്തപുരം, കൊല്ലം, കോഴിക്കോട് ജില്ലകളിലെ തീരങ്ങളിലും കന്യാകുമാരി തീരത്തും ഉയർന്ന തിരമാലകൾ കാരണം കടലാക്രമണത്തിന് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിയ്ക്കണമെന്ന് മുന്നറിയിപ്പുണ്ട്

RNU TVPM

********************

## മൂന്നാർ-രണ്ടാംമൈൽ(ഇൻട്രോ)

മൂന്നാറിലേക്കെത്തുന്ന സഞ്ചാരികളുടെ ഇഷ്ടകേന്ദ്രമാണ് രണ്ടാം മൈൽ വ്യൂപോയിന്റും പരിസര പ്രദേശങ്ങളും. മലനിരകളെ പുൽകിയിറങ്ങുന്ന കോടമഞ്ഞും തേയിലച്ചെടികളാൽ പച്ചവിരിച്ച മലഞ്ചെരുവും രണ്ടാംമൈലിനെ സഞ്ചാരികളുടെ ഇഷ്ടകേന്ദ്രമാക്കുന്നു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.**

(വോയ്സ്)

********************

## മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പരിപാടി 'മൻ കീ ബാത്' ഈ ഞായറാഴ്ച രാവിലെ 11 മണിക്ക്. ആകാശവാണിയുടെ എല്ലാ നിലയങ്ങളിലും ദൂരദർശനിലും പരിപാടി തത്സമയം ലഭ്യമാകും.

********************

## വനിതാ കമ്മീഷൻ

തൃശൂർ വരന്തരപ്പള്ളിയിലെ ഭർതൃവീട്ടിൽ ഗർഭിണിയായ യുവതിയെ പൊള്ളലേറ്റ് മരിച്ച നിലയിൽ കണ്ടെത്തിയ സംഭവത്തിൽ കേരള വനിതാ കമ്മീഷൻ സ്വമേധയാ കേസെടുത്തു. സംഭവത്തെ വളരെ ഗൗരവമായിട്ടാണ് കാണുന്നതെന്ന് അധ്യക്ഷ പി സതീദേവി പറഞ്ഞു. വിശദമായി അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ പോലീസിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും അവർ അറിയിച്ചു.

*********************

*************

****

RNU TVPM